(ബി) 2014-15 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം സംസ്ഥാനത്തെ ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 30308 ആണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം, അഡീഷണൽ ടൈബൽ സബ്പ്ലാൻ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം, ഗ്രാമവികസന വകുപ്പ് മുഖാന്തരമുള്ള ഐ.എ.വൈ പദ്ധതി എന്നീ പദ്ധതികളിലൂടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2014-15 സാമ്പത്തിക് വർഷത്തിലെ ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907, ഹഡ്കോ വായ്പ തുക ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ 2000, 2014-15-ലെ ഐ.എ.വൈ പദ്ധതി പ്രകാരം 9337, 2015-16-ലെ ഐ.എ.വൈ പദ്ധതി പ്രകാരം 9337, അഡീഷണൽ ടൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതി മുഖാന്തരം 6000, ഹഡ്കോ വായ്പ രണ്ടാംഘട്ടം പ്രകാരം 727 എന്നിവ ഉൾപ്പെടെ 30308 വീടുകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വിവിധ ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു.

**യുവജന പദ്ധതി**

**308 (656)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന നയത്തിൽ വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. യുവജന നയത്തിൽ വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉതകുന്ന രീതിയിലാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനവും പരിപാടികളും ആസൂത്രണം ചെയ്തിട്ടുള്ളത്. യുവാക്കൾക്കായി സ്വയം സംരംഭക പരിശീലനങ്ങൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാമുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ, സ്വയംതൊഴിൽ ബോധവൽക്കരണ പരിപാടികൾ, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, കാർഷിക വികസന പദ്ധതികൾ, ഡി.റ്റി.പി./പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനങ്ങൾ, പുനർജനി, ജീവദായിനി, ജോബ്ഫെയറുകൾ, ചലച്ചിത്ര മാധ്യമ-സാഹിത്യ-വനിതാ ശില്പശാലകൾ, സാഹസിക പരിശീലന പരിപാടികൾ, കേരളോത്സവം, ടൈബൽ ഫെസ്റ്റുകൾ, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(ബി) ഇല്ല.

(സി) തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, ടൂറിസം വകുപ്പ്, കായിക വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, സി-ഡിറ്റ്, എൻ.എസ്.എസ്, നോർക്ക റൂട്സ്, Entrepreneurship Development Institute of India, ഐ.ആർ.സി.റ്റി.സി, കേരള ഫോക് ലോർ അക്കാദമി എന്നീ സ്ഥാപനങ്ങളെയാണ് സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) യുവാക്കൾക്കിടയിൽ ദേശീയബോധവും ദേശസ്നേഹവും വളർത്തുന്നതിലേക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരളോത്സവം, എക്സൈസ് വകുപ്പുമായി ചേർന്ന് യുവ ജാഗ്രതാ യാത്ര, ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി/ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം, കൃഷി വകുപ്പുമായി ചേർന്ന് കാർഷിക വികസന പദ്ധതികൾ, പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ടൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായി ചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ്, എൻ.എസ്.എസ് എന്നിവയുമായി ചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, Entrepreneurship Development Institute of India-യുമായി ചേർന്ന് സംരംഭകത്വ വികസന പരിപാടികൾ, കേരള ഫോക്ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി.

LIBRARY ARCHIVES Kerala Legislative Assembly

റ്റി.സി.-യുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ്.-മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്.മായി ചേർന്ന് പുനർജനി, ജീവദായിനി, യുവ മാധ്യമ ശില്പശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജന ദിനാചരണം, പരിസ്ഥിതി ദിനാചരണം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**യുവജനക്ഷേമ പദ്ധതികൾക്കുള്ള കേന്ദ്ര ഫണ്ട് വിനിയോഗം**

**309 (657)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഈ ഇനത്തിൽ എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചുവെന്നും എന്തെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) യുവജനക്ഷേമത്തിനായി കേന്ദ്രം അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽനിന്നും 2014-15 സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**യുവജന നയം**

**310 (658)** ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :